ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

## PARISH BULLETIN

ഏലിശാ–സ്ലീവാ മൂശാക്കാലം – 2017

Vol.9 Issue 5



# 2nd Birthday in Heaven



# എം.ജെ. ജോസഫ് (അപ്പസാർ)

*Rtd. Headmaster*

## പൂലാനിമറ്റത്തിൽ

## 20-ാം മൈൽ, പൊൻകുന്നം

*Died on 30-10-2015*

---

ഞാൻ നിങ്ങളിൽനിന്നും അകന്നു പോകുന്നുവെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും,
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ...

## ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | - | 2 |
| ഇടയമൊഴി | - | 3 |
| വിളക്ക് | - | 5 |
| ഇടവക വിശേഷങ്ങളിലൂടെ | - | 7 |
| നിയമബോധനം | - | 14 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | - | ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - | ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ | 9562765688 |
| സബ് എഡിറ്റേഴ്സ് | - | റോബിൻ കട്ടിക്കാരൻ | 9446602386 |
| | - | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |
| | | മരിയ മടുക്കക്കുഴി | |



Published by : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

Layout & Printing: General Offset Ponkunnam
Ph: 222564, 9495496974

2017 സെപ്റ്റംബർ ലക്കം

## മുഖമൊഴി

മനസ്സുകളെ ഭയത്തിന്റെ അടിമത്തത്തിലേയ്ക്ക് തള്ളിയിടുന്ന വാർത്തകളും സംഭവവികാസങ്ങളും കണ്ടും കേട്ടുമാണ് പലപ്പോഴും ഇന്നിന്റെ തലമുറ ഉറക്കമുണരുന്നത്. അപകടങ്ങളും കൊലപാതകങ്ങളും സാമ്പത്തിക പരാധീനതകളും രാഷ്ട്രീയ പ്രശ്നങ്ങളുമാണ് ഏറെയും ചർച്ച ചെയ്യപ്പെടുന്നത്. തിന്മയുടെ നിഴലിലാണ് ഇന്ന് മനുഷ്യന്റെ സഞ്ചാരം. എന്നാൽ ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം തിന്മയുടെ നിഴലുകളിലേയ്ക്ക് നന്മയുടെ നിലാവിനെ പൊഴിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. കാരണം തിന്മയായിട്ടുള്ളതിനെ നന്മയാക്കി ഉയർത്തിയവനെയാണ് നമ്മൾ അനുഗമിക്കുന്നത്. അപമാനത്തിന്റെ ചിഹ്നമായിരുന്ന കുരിശിനെ മഹത്വത്തിന്റെ പ്രതീകമാക്കി മാറ്റിയവനാണ് നമ്മുടെ ഗുരു. ഈ കുരിശിലാണ് ക്രൈസ്തവന്റെ നോട്ടം പതിയേണ്ടത്.

നമ്മോടുള്ള സ്നേഹത്തെപ്രതി കർത്താവ് കുരിശിൽ തന്റെ ബലി പൂർത്തിയാക്കി. മനുഷ്യന് ഭക്ഷണവും വസ്ത്രവും, പാർപ്പിടവും സമ്പത്തും ആരോഗ്യവുമൊക്കെ നൽകാൻ ഈശോയ്ക്ക് തന്റെ ശരീരത്തിൽ സഹിക്കേണ്ടിവന്നിട്ടില്ല. എന്നാൽ നിത്യജീവൻ നമുക്കു നൽകാൻ സ്വന്തം ശരീരത്തിൽ സഹിച്ചു. പക്ഷെ പലപ്പോഴും കർത്താവ് വിലകൊടുത്ത് നമുക്കു നേടിത്തന്ന കൃപയേക്കാൾ ഏറെ നമ്മൾ തേടുന്നത് ലൗകികമായ സന്തോഷങ്ങളെയാണ്. മരക്കുരിശാണിയിൽ പിടഞ്ഞവനെ ഓർക്കുമ്പോൾ അവൻ തലചായ്ച്ച് മരിച്ച കുരിശിനെ വണങ്ങുമ്പോൾ സ്നേഹത്തിന്റെ ഓർമ്മപ്പെടുത്തലുകൾ നമ്മിൽ സംഭവിക്കേണ്ടതുണ്ട്. കുരിശിന്റെ വഴിയല്ലാതെ സ്വർഗ്ഗത്തിലേയ്ക്ക് മറ്റൊരു വഴിയില്ല എന്നതാണ് ആ ഓർമ്മപ്പെടുത്തൽ. കർത്താവ് ഉയിർത്തപ്പോൾ അവൻ കുരിശ് നമ്മളെ ഏല്പിച്ചിട്ടാണ് പോയത്. ഈ കുരിശിലൂടെയാണ് നമ്മുടെ ഉയിർപ്പും സംഭവിക്കേണ്ടത്.


കുരിശിനെ മറച്ചുവയ്ക്കാൻ ചക്രവർത്തികൾക്കോ, ചരിത്രത്താളുകൾക്കോ സാധിച്ചിട്ടില്ല. കർത്താവിന്റെ കുരിശ് നാട്ടപ്പെട്ട സ്ഥലവും സംസ്കരിക്കപ്പെട്ട സ്ഥലവുമൊക്കെ മണ്ണും മാലിന്യവുമിട്ട് മറയ്ക്കാൻ റോമൻ അധികാരികൾ ശ്രമിച്ചു. വിജാതീയ പൂജാഗിരികൾ അവിടെ സ്ഥാപിക്കപ്പെട്ടു. എന്നാൽ മറയ്ക്കപ്പെട്ടത് കർത്താവ് വെളിപ്പെടുത്തി - ഹെലേനാ രാജ്ഞിയുടെയും മക്കാരിയൂസ് മെത്രാന്റെയുമൊക്കെ പ്രയത്നങ്ങളിലൂടെ.

കുരിശിന്റെ മഹത്വം ശക്തിയേറിയതാണ്. സഹനത്തിലൂടെ ശോധന ചെയ്യപ്പെട്ട് മഹത്വത്തിലേയ്ക്ക് പ്രവേശിക്കാൻ ഈശോയുടെ കുരിശ് നമ്മെ പ്രാപ്തരാക്കട്ടെ.



## ഇടയമൊഴി

ഈശോയിൽ പ്രിയ സ്നേഹിതരേ,



ഏലിയാ - സ്ലീവാ - മൂശക്കാലങ്ങളിലേയ്ക്ക് നാം പ്രവേശിച്ചിരിക്കയാണല്ലോ. സെപ്റ്റംബർ 14 ന് ആചരിക്കുന്ന വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ കേന്ദ്രമാക്കിയാണ് ഈ കാലങ്ങൾ സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. നമ്മുടെ കർത്താവിന്റെ സഹനത്തിന്റെയും മരണത്തിന്റെയും മഹത്വപൂർണ്ണമായ ഉത്ഥാനത്തിന്റെയും അവിടുത്തെ രണ്ടാമത്തെ ആഗമനത്തിന്റെയും അടയാളമാണ് മാർ സ്ലീവാ അഥവാ വിശുദ്ധ കുരിശ്. അന്ത്യനാളിൽ ന്യായവിധിക്കായി നിയമദാതാവായ മോശയോടും പ്രവാചകപ്രമുഖനായ ഏലിയായോടുംകൂടെ മിശിഹാ ആഗതനാകുമെന്ന വിശ്വാസമാണ് സഭയ്ക്കുള്ളത്. യുഗാന്ത്യത്തിൽ പൂർത്തീകരിക്കാനിരിക്കുന്ന രക്ഷാകര സംഭവങ്ങളെപ്പറ്റി ധ്യാനിക്കുവാനും കർത്താവിന്റെ എതിരേല്പിനായി ഒരുക്കമുള്ളവരായിരിക്കുവാനും സഭാമാതാവ് ഈ കാലത്ത് തന്റെ മക്കളെ പ്രത്യേകമായി ഉദ്ബോധിപ്പിക്കുന്നു.

ഒക്ടോബർ കൊന്തനമസ്കാരത്തിന്റെ മാസമാണല്ലോ. ജപമാല ചൊല്ലിക്കൊണ്ട് ഈശോയിലൂടെ പൂർത്തിയായ രക്ഷാകര സംഭവങ്ങളെ നാം വീണ്ടും അനുസ്മരിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നു. നമ്മുടെ കുടുംബങ്ങളിൽ സന്ധ്യാ

പ്രാർത്ഥന ശക്തിപ്പെടുത്തുവാനും അതിൽ ജപമാല ഉൾപ്പെടുത്തുവാനും നമ്മുക്ക് പരിശ്രമിക്കാം. കുടുംബകൂട്ടായ്മകളിലും ഒന്നുചേർന്ന് കൊന്ത ജപിക്കുന്നത് ഉചിതമായിരിക്കും. ഒക്ടോബർ 9 മുതൽ 18 വരെ ദിവസങ്ങളിൽ നമ്മുടെ ഇടവക ദൈവാലയത്തിൽ രാവിലെയും വൈകിട്ടും കുർബാനയോടനുബന്ധിച്ച് കൊന്തനമസ്കാരവും ഉണ്ടാകും.

ആശാനിലയം സ്കൂൾ ഫണ്ടിലേക്ക് കടമെടുത്ത തുകയിൽ നല്ലൊരുഭാഗം ഇടവക സമൂഹത്തിന്റെ ആത്മാർത്ഥമായ സഹകരണംകൊണ്ട് തിരികെ നല്കാനായി. കഴിഞ്ഞ രണ്ടുതവണയായി നടത്തിയ പരിമള ഞായർ ധനസമാഹരണം വിജയിപ്പിക്കുന്നതിന് ഒത്തുചേർന്ന എല്ലാവർക്കും കർത്താവിന്റെ നാമത്തിൽ നന്ദി അറിയിക്കുന്നു. മൂന്നാം പരിമള ഞായർ ആചരണം ഒക്ടോബർ മാസം ഒന്നാം തീയതി നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. ഓരോ കുടുംബവും ദൈവം തങ്ങൾക്ക് കനിഞ്ഞു നല്കിയിരിക്കുന്ന നന്മകൾക്ക് നന്ദിയർപ്പിച്ചുകൊണ്ട് ഔദാര്യത്തോടെയും സന്തോഷത്തോടെയും ഈ ധനസമാഹരണ പരിപാടിയിൽ പങ്കുകൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു. നമ്മുടെ ഔദാര്യത്തിന്റെയും കരുതലിന്റെയും പ്രവൃത്തി ദീനദരിദ്രർക്കും നിരാലംബർക്കും ആശ്വസമാകട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം** (വികാരിയച്ചൻ)

## വിളക്ക്

**ഫാ. ജോസഫ്**
അറയ്ക്കപ്പറമ്പിൽ



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ വളർച്ച പ്രാപിക്കുന്ന സഭയെയാണ് ഇതിനുമുമ്പുള്ള കൈത്താക്കാലത്തിൽ നമ്മൾ കണ്ടത്. സഭ അതിന്റെ ലക്ഷ്യത്തിലെത്തിച്ചേരുന്നത് ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടുകൂടിയാണ്. അതുകൊണ്ട് ക്രിസ്തു വന്ന് അവസാന വിധിയിലൂടെ നല്ലവരുടെയും ദുഷ്ടരുടെയും ഭാഗധേയം നിർണ്ണയിക്കുന്ന രംഗമാണ് ഇക്കാലത്തിൽ സഭാമാതാവു നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കുന്നത്.

കർത്താവിന്റെ രണ്ടാമത്തെ വരവിനു മുമ്പ് ആകാശത്തിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യപുത്രന്റെ അടയാളം സ്ലീവായായിരിക്കും. ലോകാവസാനത്തിൽ മാലാഖമാരുടെ പ്രധാനിയായ ഗബ്രിയേൽ കുരിശു വഹിച്ചുകൊണ്ട് വാനമേഘങ്ങളിൽ പ്രത്യക്ഷപ്പെടുകയും കർത്താവിന്റെ കല്പനയിൽ ഭൂമി വിറയ്ക്കുകയും മരിച്ചവർ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമ്പോൾ എന്നിൽ നിന്നും അവിടുത്തെ മുഖം തിരിച്ചുകളയരുതേ എന്നാണ് ഇക്കാലത്തിലെ ഒരു പ്രാർത്ഥനയിൽ കാണുന്നത്. കാൽവരിയിൽ കുരിശ് ഉയർത്തപ്പെട്ടപ്പോൾ ഭൂമി വിറയ്ക്കുകയും പാറകൾ പിളരുകയും ശവകുടീരങ്ങൾ തുറക്കപ്പെട്ട് പല വിശുദ്ധരുടെയും ശരീരങ്ങൾ ഉയിർക്കപ്പെടുകയും ചെയ്തപോലെ തന്നെ അവസാനവിധി ദിവസത്തിലും സംഭവിക്കും എന്നാണ് ഇക്കാലം നമ്മെ ഓർമ്മിപ്പിക്കുന്നത്.

കാൽവരിയിൽ നാട്ടപ്പെട്ട കുരിശിന്റെ ശക്തിയിൽ ആദം മുതൽ അന്നേവരെയുള്ളവർ മരണത്തിന്റെ അടിമത്തത്തിൽ നിന്നു സ്വതന്ത്രമായി ജീവനിലേക്ക് പ്രവേശിച്ചെങ്കിൽ ജീവന്റെ

അടയാളമായ സ്ലീവായുടെ ശക്തി അവർണ്ണനീയമാണ് എന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. സ്വർഗ്ഗവാസികളെപ്പോലും അത്ഭുതസ്തബ്ധരാക്കുന്ന വിധത്തിലുള്ളതായിരുന്നു കുരിശിലൂടെ മനുഷ്യവർഗ്ഗത്തിന് കൈവന്ന ഉയർച്ച. ഭൂമിയിലും സ്വർഗ്ഗത്തിലും ഭരണം നടത്തുന്ന കുരിശ് അതിനെ അഭയം തേടുന്നവരാരേയും നിരാശരാക്കുകയില്ല. ക്രിസ്തുവിനെ ക്രൂശിച്ചവരെ ലജ്ജിപ്പിക്കുകയും സാത്താനെ പരാജയപ്പെടുത്തുകയും ചെയ്ത കുരിശിനെ വണങ്ങുന്നവർക്ക് സ്വർഗ്ഗീയ സന്തോഷം ലബ്ധമാകുന്നു.

ഇഹത്തിലെ നമ്മുടെ ജീവിതസമരത്തിൽ പൊരുതി ജയിക്കുവാൻ നമുക്ക് നല്കപ്പെട്ടിരിക്കുന്നത് വാളും പരിചയുമല്ല, പ്രത്യുത കർത്താവിന്റെ സ്ലീവായാണ്. ഈ സ്ലീവായുടെ ശക്തിയാൽ ലോകത്തിൽ സമാധാനം സ്ഥാപിക്കുകയും, സഭയുടെ സന്താനങ്ങളെ സംരക്ഷിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കുരിശിൽ ചോര ചൊരിഞ്ഞു കിടന്ന കർത്താവിനോട് അനുതാപത്തോടെ പ്രാർത്ഥിച്ച കള്ളന്റെ അപേക്ഷ കേട്ടതുപോലെ അവിടുത്തെ കുരിശരികിൽ നമുക്കും ഉള്ളുരുകി പ്രാർത്ഥിച്ചുകൊണ്ട് അവിടുത്തെ ദയാവായ്പിനർഹരാകാം.

ചെങ്കടലിനു മീതെ തന്റെ വടി നീട്ടിക്കൊണ്ട് മൂശ ഇസ്രായേൽ ജനത്തിന് കടലിൻ നടുവിലൂടെ നല്ലൊരു വഴി കാട്ടിയായതുപോലെ സ്ലീവാവഴി മിശിഹാ പറുദീസയിലേക്ക് വഴികാട്ടിത്തന്നുകൊണ്ട് മർത്യകുലത്തെ രക്ഷിച്ചിരിക്കുന്നു. പറുദീസായിലെ ജീവന്റെ വൃക്ഷത്തോടും മൂശ മരുഭൂമിയിൽ ഉയർത്തിയ പിച്ചള സർപ്പത്തോടും കുരിശിനെ ഉപമിച്ചുകൊണ്ട് സ്ലീവാവഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മാഹാത്മ്യം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ആകയാൽ മണ്ണും വിണ്ണും സ്ലീവായാകുന്ന കണ്ണിയാൽ കോർത്തിണക്കി ഭൂവാസികളെയും സ്വർഗ്ഗവാസികളെയും തമ്മിൽ ഐക്യപ്പെടുത്തിയ കർത്താവിന്റെ കുരിശിന്റെ മുമ്പിൽ നമുക്ക് പ്രണമിക്കാം.



## ഇടവക വിശേഷങ്ങളിലൂടെ

### വിശേഷദിനങ്ങൾ

| | | | |
|---|---|---|---|
| സെപ്റ്റംബർ | 14 | - | വി.കുരിശിന്റെ പുകഴ്ച |
| | 21 | - | വി. മത്തായി ശ്ലീഹാ |
| | 27 | - | വി. വിൻസെന്റ് ഡി. പോൾ |
| | 30 | - | വി. കൊച്ചുത്രേസ്യാ |
| ഒക്ടോബർ | 4 | - | വി. ഫ്രാൻസിസ് അസ്സീസ്സി |
| | 16 | - | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| | 18 | - | വി. ലൂക്കാ സുവിശേഷകൻ |
| | 22 | - | മിഷൻ ഞായർ |
| | 28 | - | വി. ശിമയോൻ |
| | | - | വി. യൂദാതദേവൂസ് |
| നവംബർ | 4 | - | വി. സഖറിയായും, വി. ഏലീശ്വായും |

## സാരഥി

1 സാരഥിയുടെ ഓണക്കിറ്റിന്റെ വിതരണം നടത്തി.

2. 15 വീട്ടുകാർക്ക് സൗജന്യമായി ഓണക്കിറ്റുകൾ കൊടുത്തു.

3. തളർന്നു കിടപ്പിലായ ഒരു പിതാവിന്റെയും അദ്ദേഹത്തിന്റെ കണ്ണു കാണാൻ പാടില്ലാത്ത 8 വയസ്സുള്ള കുട്ടിയുടെയും ചികിത്സയുടെ കാര്യങ്ങൾ സാരഥി അംഗങ്ങൾ ഏറ്റെടുത്തു നടത്തുന്നു.

4. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 17000/- രൂപ നൽകുകയുണ്ടായി.

## എസ്.എം.വൈ.എം
### യുവദീപ്തി

1. **കപ്പ കൃഷി**

   യുവജനങ്ങൾ ചേർന്ന് പള്ളിയുടെ പിൻവശത്ത് കപ്പ നട്ടു.

2. **ആരാധന നടത്തി**

   യുവജനങ്ങൾ ഒന്നുചേർന്ന് പള്ളിയിൽ ഫാ. സിജോ അറയ്ക്കപ്പറമ്പിലിന്റെ നേതൃത്വത്തിൽ ആരാധന നടത്തി.

3. **പദയാത്ര**

   ആഗസ്റ്റ് 28-ാം തീയതി അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേക്ക് പൊൻകുന്നം എസ്.എം.വൈ.എം ഉം ഇളങ്ങുളം ഇടവക അംഗങ്ങളും ചേർന്ന് പദയാത്ര നടത്തി

4. **ഓണാഘോഷം**

   ഫാ. സിജോ അറയ്ക്കപ്പറമ്പിലിന്റെ നേതൃത്വത്തിൽ മാതൃദീപ്തിയും അൾത്താരബാലന്മാരും യുവജനങ്ങളും സംയുക്തമായി ചേർന്ന് ഓണാഘോഷം നടത്തി. വിവിധ കലാപരിപാടികളും പായസവും ഉണ്ടായിരുന്നു.

*അഖിൽ കൊല്ലമല (സെക്രട്ടറി)*

## മാതൃവേദി

1. നമ്മുടെ ഇടവകയിലെ ഭവനനിർമ്മാണ ഫണ്ടിലേയ്ക്ക് 1,00,000/- രൂപ സംഭാവന നൽകി.
2. ഓഗസ്റ്റ് മാസത്തിൽ ചികിത്സാ സഹായമായി 20,000/- രൂപാ നൽകി.
3. ബഹുമാനപ്പെട്ട കൊച്ചച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ പള്ളി പരിസരത്ത് മാതൃവേദി അംഗങ്ങൾ വിവിധയിനം പച്ചക്കറികൾ നട്ടുവളർത്തുന്നു.
4. മാതൃവേദിയുടെ ഇടവകാതലത്തിലുള്ള ബൈബിൾ കലോത്സവ മത്സരങ്ങൾ നടത്തി.

5. കാഞ്ഞിരപ്പള്ളിയിൽ വച്ചു നടത്തിയ രൂപതാ മാതൃസംഗമത്തിൽ നമ്മുടെ ഇടവകയിൽ നിന്നു മാതാക്കൾ പങ്കെടുത്തു.

6. മോനിക്കാ പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ച് അമ്മമാർ ഒരു മണിക്കൂർ ആരാധനാ നടത്തുകയും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും ചെയ്തു.

*ബിന്ദു തേക്കുംതോട്ടം (സെക്രട്ടറി)*

## സൺഡേ സ്കൂൾ

1. **ബൈബിൾ കലോത്സവം**

ഈ വർഷത്തെ ഫൊറോനാതല ബൈബിൾ കലോത്സവം സെപ്റ്റംബർ 21-ാം തീയതി പൊൻകുന്നത്തുവച്ചും രൂപതാതല ബൈബിൾ കലോത്സവം ഒക്ടോബർ 18-ാം തീയതി കുട്ടിക്കാനത്തുവച്ചും നടത്തപ്പെടുന്നതാണ്.

2. **ലോഗോസ് ക്വിസ്**

ഈ വർഷത്തെ ലോഗോസ് ക്വിസ് സെപ്റ്റംബർ 24-ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ നടത്തപ്പെടുന്നതാണ്.

3. **അർദ്ധവാർഷിക പരീക്ഷ**

2017-18 അദ്ധ്യയന വർഷത്തെ അർദ്ധവാർഷിക പരീക്ഷ ഒക്ടോബർ 8-ാം തീയതി നടത്തുന്നതാണ്. 1 മുതൽ 6 വരെ ക്ലാസ്സുകാർക്ക് രാവിലെ 11 മുതൽ 1 മണി വരെയും 7 മുതൽ 12 വരെ ക്ലാസ്സുകാർക്ക് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4 വരെയുമാണ് പരീക്ഷാ സമയം

4. **മിഷൻ സന്ദേശ്**

ഈ വർഷത്തെ മിഷൻ സന്ദേശ് ഒക്ടോബർ 14-ാം തീയതി നടത്തപ്പെടുന്നതാണ്.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

# ഇന്നത്തെ സുവിശേഷം

| | | |
|---|---|---|
| ഒക്ടോ. 1 | മത്താ. | 15:21-28 |
| ഒക്ടോ. 2 | മർക്കോ | 8:31-38 |
| ഒക്ടോ. 3 | മർക്കോ | 9:42-48 |
| ഒക്ടോ. 4 | ലൂക്കാ | 9:1-6 |
| ഒക്ടോ. 5 | യോഹ | 5:39-47 |
| ഒക്ടോ. 6 | ലൂക്കാ | 21:7-19 |
| ഒക്ടോ. 7 | ലൂക്കാ | 10:17-21 |
| ഒക്ടോ. 8 | മത്താ | 20:1-16 |
| ഒക്ടോ. 9 | ലൂക്കാ | 10:38-42 |
| ഒക്ടോ. 10 | ലൂക്കാ | 11:14-23 |
| ഒക്ടോ. 11 | ലൂക്കാ | 11:24-26 |
| ഒക്ടോ. 12 | ലൂക്കാ | 9:28-36 |
| ഒക്ടോ. 13 | ലൂക്കാ | 20:27-40 |
| ഒക്ടോ. 14 | യോഹ | 4:46-54 |
| ഒക്ടോ. 15 | ലൂക്കാ | 8:41-56 |
| ഒക്ടോ. 16 | യോഹ | 10:1-15 |
| ഒക്ടോ. 17 | യോഹ | 12:20-26 |
| ഒക്ടോ. 18 | ലൂക്കാ | 10:1-9 |
| ഒക്ടോ. 19 | മത്താ | 25:1-13 |
| ഒക്ടോ. 20 | ലൂക്കാ | 16:1-8 |
| ഒക്ടോ. 21 | ലൂക്കാ | 9:18-20 |
| ഒക്ടോ. 22 | മത്താ | 8:23-34 |
| ഒക്ടോ. 23 | മത്താ | 10:1-15 |
| ഒക്ടോ. 24 | യോഹ | 11:1-16 |
| ഒക്ടോ. 25 | മത്താ | 25:14-30 |
| ഒക്ടോ. 26 | ലൂക്കാ | 9:46-48 |
| ഒക്ടോ. 27 | മത്താ | 16:5-12 |
| ഒക്ടോ. 28 | യോഹ | 15:18-25 |
| ഒക്ടോ. 29 | മത്താ | 22:23-33 |
| ഒക്ടോ. 30 | ലൂക്കാ | 11:46-54 |
| ഒക്ടോ. 31 | ലൂക്കാ | 13:18-21 |
| നവംബർ 1 | ലൂക്കാ | 17:1-10 |
| നവംബർ 2 | മത്താ | 6:22-24 |
| നവംബർ 3 | മത്താ | 24:15-24 |
| നവംബർ 4 | മത്താ | 5:38-42 |

## വിൻസെൻഷ്യൻ വേദി

ചികിത്സാ സഹായമായി 20,000 രൂപയും, വിദ്യാഭ്യാസ സഹായമായി രണ്ട് പേർക്ക് 5200 രൂപയും ഭവന നിർമ്മാണത്തിനായി ഒരാൾക്ക് 30,000 രൂപയും നല്കി.

## ചെറുപുഷ്പ മിഷൻലീഗ്

1 6 കുടുംബങ്ങൾക്ക് പലചരക്ക്, പച്ചക്കറി കിറ്റ് വിതരണം ചെയ്തു.

2. യൂണിറ്റ് സമ്മേളനം നടത്തി.

3. ഓണം പ്രമാണിച്ച് 18 കുടുംബങ്ങൾക്ക് ഓണക്കിറ്റും പായസവും വിതരണം ചെയ്തു.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**

## സി. വൈ. എം. എ.

1. സി.വൈ.എം.എ യുടെ ആഭിമുഖ്യത്തിലുള്ള വേളാങ്കണ്ണി തീർത്ഥാടനം ഒക്ടോബർ 13 വെള്ളിയാഴ്ച വൈകിട്ട് പുറപ്പെട്ട് 15 ഞായറാഴ്ച രാത്രി തിരിച്ചെത്തുന്നു. ഏതാനും സീറ്റുകൾകൂടി ഒഴിവുണ്ട്. പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ സി.വൈ.എം.എ ഓഫീസുമായി ബന്ധപ്പെടുക.

2. സി.വൈ.എം.എ യുടെ ഓണാഘോഷപരിപാടികൾ സെപ്റ്റംബർ 4-ാം തീയതി സമുചിതമായി ആഘോഷിച്ചു. വിവിധ കലാകായിക മത്സരങ്ങൾ നടത്തി. സമ്മാനാർഹമായവർക്ക് പൊതുസമ്മേളനത്തിൽവെച്ച് ഡയറക്ടർ റവ.ഫാ. ജോസഫ് വെള്ളമറ്റം സമ്മാനങ്ങൾ വിതരണം ചെയ്തു. പായസ വിതരണവും നടത്തി.

3. പൊൻകുന്നം ഇടവകയുടെ പുതുതായി ഇറക്കുന്ന ഡയറക്ടറിയുടെ വിവരശേഖരണം നടന്നുവരുന്നു. പകുതിയോളം കൂട്ടായ്മയിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു. ബാക്കി കൂട്ടായ്മയിൽനിന്നും ഉള്ള വിവരങ്ങൾ ശേഖരിക്കാൻ സി.വൈ.എം.എ അംഗങ്ങൾ എത്തുന്നതായിരിക്കും


*സെക്രട്ടറി*

*റ്റിജോ തേക്കുംതോട്ടം*



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. അൽഫോൻസ - പൂവത്താനിക്കുന്നേൽ
2. ജോസഫ് - വയലുങ്കൽ തടത്തിൽ
3. ജോസഫ് - കളരിക്കൽ
4. അഗസ്റ്റിൻ - ഈറ്റുവേലിൽ
5. ജോസഫ് - പുതുപ്പറമ്പിൽ
6. ജോസഫ് - മൂലകുന്നേൽ
7. ജോസഫ് - അത്തിയാലിൽ
8. തോമസ് - കളപ്പുരയ്ക്കൽ
9. തോമസ് - കളത്തിപ്പറമ്പിൽ
10. ത്രേസ്യാമ്മ - കുമ്പളന്താനത്ത്
11. മേരി - കളത്തിപ്പറമ്പിൽ
12. റോസ് - മൂക്കിലിക്കാട്ട്
13. ജോർജ് - ആനിക്കൽ



## നമ്മൾ ഒന്നായി

1. ജോഷി - നിത തോപ്പിൽ
2. തോമസ് - തങ്കംപോൾ കല്ലറയ്ക്കൽ മാളിയേക്കൽ
3. അരുൺ - സയന ആഞ്ഞിലിക്കൽ

## ഓർമ്മകളിലേയ്ക്ക്

1. വി.കെ. ജോസഫ് - കുഴിക്കാട്ട്
2. ജോൺ - മാടപ്പള്ളികുന്നേൽ
3. ജോൺസി - പന്നിക്കുഴിയ്ക്കൽ
4. ജെയിംസ് - മുട്ടത്തുപാറ

# അസോവ

നമ്മുടെ സംഘടനയുടെ ആറാമത് കമ്മിറ്റി യോഗം ബഹു. ഡയറക്ടർ ഫാദർ ജോസഫ് വെള്ളമറ്റത്തിന്റെ സാന്നിദ്ധ്യത്തിൽ 15-8-17 ചൊവ്വാഴ്ച 7 മണിക്ക് അത്യാലിൽ ത്രേസ്യാമ്മ തോമസിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു. പ്രസിഡന്റ് എ.റ്റി. ജോസഫ് അത്യാലിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു. തുടർന്നു നടന്ന ചർച്ചയിൽ എടുത്ത തീരുമാനങ്ങളാണു താഴെ വിവരിക്കുന്നത്.

മ്യൂച്ചൽ ബനിഫിറ്റ് ഫണ്ട് സ്കീമിന്റെ കളക്ഷൻ എല്ലാ മാസവും 10-ാം തീയതിയോടെ പൂർത്തിയാക്കണം.

എല്ലാ മാസവും 15-ാം തീയതിയിൽ തന്നെ കമ്മിറ്റി യോഗം നടത്തണം

സംഘടനയുടെ നേതൃത്വത്തിൽ കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക. ആരോഗ്യ മേഖലയെ സംബന്ധിച്ചുള്ള ക്ലാസ്സുകൾക്കായി ഇടവകയിലെ ഡോക്ടർമാരുടെ സേവനവും നിർദ്ദേശങ്ങളും സ്വീകരിക്കുക.

സംഘടനാംഗങ്ങൾക്ക് വേണ്ടി വൈക്കം ഫിഷ്‌വേൾഡ് എന്ന വിനോദസഞ്ചാര കേന്ദ്രത്തിലേയ്ക്ക് വിനോദയാത്ര സംഘടിപ്പിക്കുന്നതിനുള്ള ക്രമീകരണം ചെയ്യുക.

കമ്മിറ്റിയംഗം അത്യാലിൽ ത്രേസ്യാമ്മ തോമസിന്റെ ജന്മദിനം സമുചിതമായി ആഘോഷിച്ചു. ബഹു. വൈദികരായ ജോസഫ് വെള്ളമറ്റം, തോമസ് ഈറ്റോലിൽ, ജോസഫ് അറയ്ക്കപ്പറമ്പിൽ എന്നിവർ ജന്മദിന ആശംസകൾ നല്കി. ട്രഷറർ തോമസ് ആന്റണി നന്ദി പ്രകാശിപ്പിച്ചു. സ്നേഹ വിരുന്നിനു ശേഷം യോഗം 9 മണിക്ക് അവസാനിച്ചു.

**പി.സി. ചാക്കോ, പുളിക്കൽ (സെക്രട്ടറി)**

**ബോബൻ മണ്ണാറാത്ത്**

അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615


# കറൻസി ശ്രദ്ധിച്ച് കൈകാര്യംചെയ്യുക

നിയമപരമായ അജ്ഞതമൂലം ഒരു പിഴവു സംഭവിച്ചു എങ്കിൽ നിലവിലുള്ള നിയമപ്രകാരം ആ പിഴവ് ലഘൂകരിക്കപ്പെടുന്നില്ല. സമീപകാലത്തുണ്ടായ നോട്ടുനിരോധനത്തിനു ശേഷം, നമ്മുടെ സാമ്പത്തിക വിനിമയ സംവിധാനങ്ങളിൽ വളരെയേറെ നിയമപരമായ മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളതാണ്.

വിവാഹം, വസ്തുകൈമാറ്റകച്ചവടങ്ങൾ, വാഹന വിൽപ്പന, വായ്പ കൊടുക്കലുകളും വാങ്ങലുകളും ഒക്കെ നമ്മുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടും കെട്ടുപിണഞ്ഞും കിടക്കുന്ന കാര്യങ്ങളാണ്. 2017 ഏപ്രിൽ ഒന്നാം തീയതി മുതൽ ഒരു ദിവസം ഒരാളുടെ പക്കൽ നിന്നും 2 ലക്ഷം രൂപയോ അതിൽ കൂടുതലോ തുക വാങ്ങുന്നുണ്ടെങ്കിൽ അത് ബാങ്കിൽ നിന്നും ലഭിക്കുന്ന ചെക്ക്, ബാങ്ക് ഡ്രാഫ്റ്റ് എന്നീ സംവിധാനങ്ങൾ വഴിയോ, ബാങ്ക് അക്കൗണ്ടിലൂടെയുള്ള ഇലക്ട്രോണിക് ക്ലിയറിംഗ് സംവിധാനം വഴിയോ മാത്രമേ ആകാവൂ. ഇപ്രകാരമല്ല പണം കൈപ്പറ്റിയതെങ്കിൽ പണം കൈപ്പറ്റിയ ആൾ വാങ്ങിയ തുകയക്ക് തുല്യമായ സംഖ്യ പിഴയായി നൽകണം എന്നതാണ് ചട്ടം. ഒരു ഇടപാടുമായി ബന്ധപ്പെട്ടും, ഒരു ചടങ്ങുമായി ബന്ധപ്പെട്ടും നടക്കുന്ന കാര്യങ്ങൾക്കാണ് 2 ലക്ഷം എന്ന പരിധി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ ബാങ്കിംഗ് കമ്പനികൾ, പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നീ സ്ഥാപനങ്ങൾ ഈ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്.

വിവാഹവുമായി ബന്ധപ്പെട്ട് ഒരാൾക്ക് ലഭിക്കുന്ന തുക 2 ലക്ഷത്തിലധികമായി പണമായി ലഭിക്കുകയാണെങ്കിലും മുകളിൽ

വിവരിച്ച പിഴ ബാധകമാണ്. എന്നാൽ ബന്ധു ജനങ്ങളിൽ നിന്നും സമ്മാനമായി ലഭിക്കുന്ന തുകകളും, വിവാഹസന്ദർഭത്തിൽ ലഭിക്കുന്ന തുകകകളും വരുമാനമായി കണക്കാക്കുകയില്ല. ബന്ധുക്കളല്ലാത്തവരിൽ നിന്നും അൻപതിനായിരത്തലധികം രൂപ ലഭിക്കുകയാണെങ്കിൽ ടി തുക വരുമാനത്തിൽ ഉൾപ്പെടുത്തി നികുതി നൽകേണ്ടതുമാണ്. രക്തബന്ധമുള്ളവർ തമ്മിലുള്ള 2 ലക്ഷം രൂപക്കും അതിനു മുകളിലുമുണ്ടാകുന്ന സാമ്പത്തിക ഇടപാടുകളിൽപോലും ഇക്കാര്യത്തിൽ പ്രത്യേക പരിഗണനയില്ലായെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. അതുപോലെ തന്നെ, നമ്മൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് മൊത്തം ഗഡുക്കൾ ചേർന്നുള്ള തുക ഒരു ഇടപാടായി കണക്കാക്കുകയില്ല. അതായത് ഒരു ഗഡുവിന്റെ അടയ്ക്കേണ്ടതുക 2 ലക്ഷത്തിൽ കുറവാണെങ്കിൽ മാത്രമേ തുകയായി സ്വീകരിക്കുവാൻ പാടുള്ളൂ.

വസ്തുവിൽപ്പന ഇടപാടുകൾ സംബന്ധിച്ച് പുതിയതായി വന്ന നിയമത്തെകുറിച്ച് കൂടുതൽ പേരും ജാഗരൂകരല്ല എന്നു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സമീപകാലത്ത് ഒരു വസ്തു കച്ചവട കരാറുടമ്പടി തയ്യാറാക്കുന്നതിന് ഈ ലേഖകനെ, വാങ്ങുന്നവരും വിൽക്കുന്നവരും കൂടി സമീപിക്കുകയുണ്ടായി അവർ തമ്മിലുണ്ടാക്കിയ ധാരണ അനുസരിച്ച് എഗ്രിമെന്റു ണ്ടാക്കുന്ന ദിവസം പണമായി 3 ലക്ഷം രൂപ നൽകും, അടുത്ത ഒരു മാസത്തിനുള്ളിൽ 10 ലക്ഷം രൂപ കൊടുക്കും തുടർന്ന് വസ്തു വാങ്ങുന്ന ആൾക്ക് പർച്ചേസ് ലോൺ സാംഗ്ഷൻ ആക്കുന്ന മുറയ്ക്ക് ബാക്കി തുക പണമായും ബാങ്കിൽ നിന്നും ലോൺ പ്രകാരം ലഭിക്കുന്ന ഡ്രാഫ്റ്റും ചേർത്ത് തീറാധാരം മൂന്നു മാസത്തിനകം എഴുതുകയും ചെയ്യാം എന്നതായിരുന്നു അവർ തമ്മിൽ ഉണ്ടാക്കിയ ധാരണ. നിലവിലുള്ള നിയമം 20,000/- രൂപയോ അതിൽ കൂടുതലോ തുക വസ്തു ഇടപാടു കാര്യങ്ങളിൽ മുകളിൽ വിവരിച്ച രീതിയിൽ ചെക്ക്/ഡ്രാഫ്റ്റ്/ മണിട്രാൻസ്ഫർ വിധത്തിൽ വിനിമയം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ഇടപാട് നടന്നില്ലെങ്കിൽ തന്നെയും പണം

വാങ്ങിയ ആൾ പിഴ നൽകുന്നതിന് ബാദ്ധ്യസ്ഥനാണ്.

വസ്തു വിൽപ്പന കരാറുടമ്പടി എഴുതുവാൻ വന്ന ഇരുകൂട്ടരോടും കാര്യങ്ങളുടെ തൽസ്ഥിതി ഇപ്രകാരമാണ് എന്നും കരാറുടമ്പടി രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചതുകൊണ്ട് വേറേ ഏതെങ്കിലും ആധാരം എഴുത്തുകാരനെ കൊണ്ട് 500/- രൂപ കൊടുത്ത് കരാറുടമ്പടി എഴുതിച്ചുകൊള്ളാമെന്നും പറഞ്ഞ് അവർ പോയി .

പിഴ ഒഴിവാക്കുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ അതിന് അസസിംഗ് ഓഫീസർക്ക് അധികാരമുണ്ട്. അദ്ദേഹത്തിന്റെ വിവേചനാധികാരത്തിൽപ്പെട്ട കാര്യമാണ് പിഴ ഒഴിവാക്കുന്നത്. ക്യാഷ് ഇടപാടുകൾ ഒഴിവാക്കി ഇരുപതിനായിരം രൂപയോ അതിൽ കൂടുതലോ തുക വായ്പയോ നിക്ഷേപമോ ആയി വാങ്ങുമ്പോഴും മടക്കി നൽകുമ്പോഴും മറ്റും അക്കൗണ്ട്പേയി ചെക്ക്/ഡ്രാഫ്റ്റ്/ട്രാൻസ്ഫർ സംവിധാനം വഴി ആയിരിക്കുന്നതിൽ ശ്രദ്ധിക്കുന്നത് നല്ലതാണ്.

വസ്തു വിൽപ്പന കരാറുടമ്പടി തയ്യാറാക്കുന്നത് രജിസ്റ്റർ ചെയ്യണമെന്നതാണ് നിയമം. വസ്തു വിൽക്കുന്ന ആളും, വസ്തു വാങ്ങുന്നയാളും തമ്മിൽ ഏതെങ്കിലും അഭിപ്രായഭിന്നതകൾ തീറാധാരം രജിസ്റ്റർ ചെയ്യുന്നതിനോടകം ഉണ്ടായാൽ ടി തീറാധാരം കോടതി വഴി രജിസ്റ്റർ ചെയ്തു കിട്ടുന്നതിനും, കൊടുത്ത അഡ്വാൻസ് സംഖ്യ കോടതി മുഖാന്തിരം തിരികെ ലഭിക്കുന്നതിന് വ്യവഹാരപ്പെടുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ, കച്ചവടകരാറുടമ്പടി, രജിസ്റ്റർ ചെയ്തില്ലെങ്കിൽ ഉണ്ടാകും എന്നതിൽ തർക്കമില്ല. വിശ്വാസ്യതയുടെ അടിസ്ഥാനത്തിൽ മാത്രം കൂടുതൽ സംഖ്യ അഡ്വാൻസ് കൊടുത്ത് 200/- രൂപ മുദ്രപത്രത്തിൽ എഴുതുന്ന എഗ്രിമെന്റ് പലപ്പോഴും നിലവിലുള്ള പലവിധ നിയമങ്ങളുടെ ലംഘനം വെളിച്ചത്തു വരുത്തുന്നതിനുള്ള സാദ്ധ്യത കൂടുതലാകയാൽ കറൻസികൾ സൂക്ഷമതയോടും കൂടി നിയമപ്രകാരം കൈകാര്യം ചെയ്താൽ നന്നായിരിക്കും.

## 6 – ാം ചരമ വാർഷികം





**പി. ജി. എബ്രാഹം**
**(ജോയി)**
**ചാരുവിള പുത്തൻവീട്**

"ഞാൻതന്നെ പുനരുദ്ധാനവും ജീവനും ആകുന്നു
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
യോഹ. 11:25)


Babychen
Estd 1988

# തലവയലിൽ ഫെൻസിംഗ് വർക്സ്

പുളിക്കൽകവല പി. ഒ, വാഴൂർ
Ph: 0481 2457090, 9447137090, 8547197090

മുള്ളുകമ്പി നിർമ്മാണം

TATA Wiron അംഗീകൃത വ്യാപാരി | Chain Link Fencing

വേലിക്കല്ല്, കോൺക്രീറ്റ് പോസ്റ്റ് – ഓർഡർ അനുസരിച്ച് മുള്ളുവേലി കെട്ടിക്കൊടുക്കപ്പെടും

# ചൈതന്യാ മാർട്ട്

P.P. Road, Near Church, Ponkunnam
Ph: 8943919727, 9447137090

STATIONERY & DISPOSABLE ITEMS, COTTON MAT,
FLOOR MAT, CUSHION MAT, BED,
PACKING MATERIALS, PAPER COVER,
TARPAULIN, GARDEN NET etc..


Oasis Leisure Tours
എയർ ടിക്കറ്റ്
ബസ് ടിക്കറ്റ്
ട്രെയിൻ ടിക്കറ്റ്
വിസിറ്റിംഗ് വിസ
ഹൗസ് ബോട്ട് ബുക്കിംഗ്
പാസ്പോർട്ട്
ടൂർ പാക്കേജ്
TURKISH
DAILY TRIPS TO BANGALORE, CHENNAI
എല്ലാ വെള്ളിയാഴ്ചകളിലും വേളാങ്കണ്ണി തീർത്ഥാടനം
Kalappurackal Building, P.P. Road, Ponkunnam
04828 222416,09447 356651